## ഹെറാൾഡ് ഫീച്ചർ

5-ാം പേജിൽനിന്നും തുടർച്ച

''നമ്മുടെ ആചാരാനുഷ്ഠാനങ്ങളെന്നല്ല, ഭാരതീയ സംസ്കാരത്തിലേയ്ക്കുള്ള തിരിച്ചുവരവു പോലും അമേരിക്കൻ ഇന്ത്യാക്കാരുടെ പുതിയ തലമുറയിൽ കണ്ടെത്താൻ കഴിയും. വിവാഹ കാര്യങ്ങൾ മാതാപിതാക്കളുടെ അനുമതിയോടെ നടക്കണമെന്ന് യുവജനങ്ങൾ ഇന്ന് ആഗ്രഹിക്കുന്നു. നമ്മുടെ ആചാരമനുസരിച്ച് വിവാഹം നടത്തിത്തരണമെന്ന് ആവശ്യപ്പെടുന്നവരുണ്ട് എന്നതാണ് സത്യം.'' ഫാമിലി യൂത്ത് കോൺഫറൻസിന് ബദലായി നമ്മുടെ അച്ചന്മാർതന്നെ സമാന്തരപ്രസ്ഥാനങ്ങൾ നടത്തുന്നുവെന്നും, അതുമായി ബന്ധപ്പെട്ട് കേസ്സുകൾ ഉണ്ടെന്നും കേൾക്കുന്നു എന്ന എന്റെ ചോദ്യം മെത്രാപ്പോലീത്താ പ്രതീക്ഷിച്ചതുപോലെ തോന്നി.

'കുറെ ശരിയാണ്. 40 ഇടവകയിൽ ഒരു ഇടവകയിലെ അനുസരണംകെട്ട ഒരച്ചനും ഇരുപതോളം വരുന്ന അനുയായികളും ചേർന്നു സ്വതന്ത്രമായി നില്ക്കാൻ നടത്തിയ ശ്രമം അത്രമാത്രം. ഇതുമായി ബന്ധപ്പെട്ടുള്ള ഒരു കേസ്സു മാത്രമെ നമ്മുടെ സഭയുടേതായുള്ളു. പ്രസ്തുത കേസ്സിന്റെ വിധിയിൽ 'നമ്മുടെ ഭരണഘടനയെയും, പരിശുദ്ധ കാതോലിക്കാബാവായെയും അനുസരിക്കണമെന്ന് കോടതി എടുത്തു പറഞ്ഞിരുന്നു.' അതുകൊണ്ട് കാതോലിക്കേറ്റിന്റെ അധികാരം അമേരിക്കയിൽ ഉറപ്പിക്കുക' എന്ന ചുമതല കൂടി ഞങ്ങളിലുണ്ടെന്ന് വിശ്വസിക്കുന്നു.'

എക്യുമെനിക്കൽ പ്രസ്ഥാനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

എക്യുമെനിക്കൽ പ്രസ്ഥാനം ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ ആവശ്യം തന്നെ. എന്നാൽ രേഖയിൽ മാത്രമെ ഇന്നു നിലനില്ക്കുന്നുള്ള സാധാരണ ജനങ്ങളിലേയ്ക്ക് ഇറങ്ങി ചെല്ലാതെ ബിഷപ്പ്‌തലത്തിൽ മാത്രം നീങ്ങുന്ന പ്രസ്ഥാനമായി ഒതുങ്ങി നില്ക്കുന്നു.

W.C.C.യുടെ വാൻകൂർ സമ്മേളനത്തിൽ ഓർത്തഡോക്സ് സഭയുടെ പ്രതിനിധികൾ (കേരളത്തിൽനിന്നും) പങ്കെടുത്തു. എന്നിട്ടും അമേരിക്കൻ ഭദ്രാസനത്തെ അറിയിച്ചില്ല. ഇതു തന്നെ നല്ല ഉദാഹരണമാണ്.

കേന്ദ്രത്തിന്റെ ശ്രദ്ധ അമേരിക്കൻ ഭദ്രാസനത്തിൽ കൂടുതൽ ആവശ്യമെന്നു തോന്നുന്നുണ്ടോ? ചോദ്യത്തിലെ വ്യംഗ്യാർത്ഥം പൂർണ്ണമായി മനസ്സിലാക്കിയ തിരുമേനി പുഞ്ചിരിയോടെ മറുപടി പറഞ്ഞുതുടങ്ങി.

'ഇപ്പോഴുള്ളതുതന്നെ കൂടുതലാണ്. പണം കിട്ടുന്ന വഴി' എന്ന നിലയിലാണ് കൂടുതൽ ശ്രദ്ധ. ഈ വർഷംതന്നെ 9 പിരിവുകൾ നടന്നു. ഇതു് നമ്മുടെ സഭയെക്കുറിച്ചുള്ള നല്ല ധാരണയ്ക്ക് കളങ്കം വരുത്തുന്നു. ഇവയെല്ലാംതന്നെ പരിശുദ്ധ ബാവാ തിരുമേനി അറിഞ്ഞെന്നു് തോന്നുന്നില്ല. പിരിവുകൾക്ക് നിയന്ത്രണം ബാവാതിരുമേനിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അങ്ങനെ നിയന്ത്രണം വരുത്തുകയാണെങ്കിൽ പണം ഏകീകരിച്ച് ശേഖരിക്കുവാനും ബാവാ ആവശ്യപ്പെടുന്ന സഭയുടെ ഏതെങ്കിലും 'പ്രോജക്ട്' അമേരിക്കൻ ഭദ്രാസനത്തിന് ചെയ്തുകൊടുക്കാൻ കഴിയുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിന്റെ തുടക്കമെന്ന നിലയിൽ ദേവലോകത്തു് മെത്രാപ്പോലീത്താമാർക്ക് താമസിക്കുവാനുള്ള വസതികൾ നിർമ്മിക്കുന്നതിന്റെ ചുമതല അമേരിക്കൻ ഭദ്രാസനം ഏറ്റെടുത്തുകഴിഞ്ഞു.

ഹെറാൾഡ് വായനക്കാരുടെ നാമത്തിൽ തിരുമനസ്സിന് നന്ദി പറഞ്ഞു്, അനുഗ്രഹവും വാങ്ങി പുറത്തിറങ്ങുമ്പോൾ അസ്തമനസൂര്യന്റെ കനകകിരണങ്ങൾ എങ്ങും വ്യാപിച്ചുകഴിഞ്ഞിരുന്നു;

# ഫീൽഡ് ഓഫീസർമാരെ നിയമിച്ചു



ജേക്കബ് രാമച്ചാ കുലത്താക്കൽ



മാമ്മൻ വർഗീസ്



ജെസ്സേ വി. ജോൺ

മലങ്കര ഓർത്തഡോക്സ് ഹെറാൾഡിന്റെ ഫീൽഡ് ഓഫീസർമാരായി ജേക്കബ് രാമച്ചാകുലത്താക്കൽ, മാമൻ വറുഗീസ്, ജെസ്സേ വി. ജോൺ. എന്നിവരെ നിയമിച്ചു.

## ആരാധനാപഠനം..

(2-ാം പേജിൽനിന്നും തുടർച്ച)

രം ചെയ്യുന്നതു വളരെ ക്ലേശകരമായ ഒരു തപസ്യതന്നെ. എത്ര ശ്രദ്ധിച്ചാലും ഡിക്ഷനിൽ ചില മുഴച്ചു നില്ക്കലും ഏച്ചുകെട്ടലും ഉള്ളപോലെ തോന്നും. ഈ ഗീതം തന്നെ സാധാരണ ചൊല്ലുന്ന രീതിയിൽ ദൈവികകു-ഞ്ഞാടിനെയാ-ശ്ചര്യം എന്നായിരിക്കും പദഘടന. യതിഭംഗം സ്പഷ്ടം. പാഷണ്ഡർക്കെതിരെ കാണിക്കുന്ന മൂന്നു ദൃഷ്ടാന്തങ്ങളിൽ അത്ഭുതമാം ഫലമേകും വൃക്ഷം എന്നും, കർക്കശമാം ശില എന്നും രണ്ടെണ്ണം എണ്ണിപ്പറഞ്ഞശേഷം വിശേഷണമൊന്നുമില്ലാതെ മീൻ എന്നു മാത്രം പറഞ്ഞിരിക്കുന്നതു ശരിയായില്ല. അത്ഭുതമത്സ്യം എന്നോ പണം കായിച്ച മത്സ്യം എന്നോ മറ്റോ പറഞ്ഞിരുന്നെങ്കിൽ മറ്റു രണ്ടു ദൃഷ്ടാന്തങ്ങളോട് യോജിക്കുമായിരുന്നു. ശില, മീൻ എന്നു ഇടയ്ക്ക് ഒരു കോമ ഇട്ട് അച്ചടിക്കാനെങ്കിലും ശ്രദ്ധിക്കണം.

### പത്രാധിപർക്കുള്ള കത്ത്

## പ്രോത്സാഹനം കൊടുക്കണം

1989 മെയ് 26 ജൂൺ 2 ലക്കത്തിലെ ഹെറാൾഡ് വായിച്ചു. അതിൽ പ്രശസ്ത വിജയം എന്ന തലക്കെട്ടിൽ തിരുവല്ലാ സെന്റ് തോമസ് യുവജനപ്രസ്ഥാനാംഗമായ സി. എബി ജേക്കബ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നും 73% മാർക്ക് വാങ്ങി ബി. ടെക് പരീക്ഷയിൽ പ്രശസ്ത വിജയം നേടിയെന്നുള്ള സന്തോഷ വാർത്ത വായിച്ചു. അതു് പ്രസിദ്ധീകരിച്ചതിൽ ഹെറാൾഡിനെ അനുമോദിക്കുന്നു. ഇതുപോലെ തന്നെ ഓർത്തഡോക്സ് സഭയിൽ പെട്ട മിടുക്കന്മാരും മിടുക്കികളും പരീക്ഷകളിലും മറ്റും പ്രശസ്ത വിജയം നേടുന്നുണ്ട്. എന്നാൽ അവയൊന്നും ഹെറാൾഡിൽ പ്രസിദ്ധീകരിച്ചു കാണുന്നില്ല. നമ്മുടെ പത്രമെന്നുള്ള നിലയിൽ സഭാംഗങ്ങളായ പ്രതിഭകൾക്ക് പ്രോത്സാഹനവും പ്രചോദനവും കൊടുക്കേണ്ടതു് ഹെറാൾഡിന്റെ കടമയാണല്ലോ.

പി സി. തോമസ്
എക്സ്. എം. എൽ.എ
തിരുവല്ല.

## ചെറുവത്തൂർ പീററർ കോറെപ്പിസ്ക്കോപ്പാ അന്തരിച്ചു

കുന്നംകുളം: ആർത്താററ് കുന്നംകുളം മഹാഇടവകയുടെ വൈസ് പ്രസിഡണ്ടായിരുന്ന ചെറുവത്തൂർ പീററർ കോറെപ്പിസ്കോപ്പാ നിര്യാതനായി. കുന്നംകുളം ഭദ്രാസനത്തിന്റെ മുൻസെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന് 58 വയസ്സുണ്ടായിരുന്നു. സംസ്കാരം ആർത്താററ് സെന്റ് മേരീസ് കത്തീഡ്രലിൽ പ. കാതോലിക്കാ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.

ഗ്രിഗറി, സോജ എന്നിവർ മക്കളാണ്. കുന്നംകുളം എം. ജെ. ഡി. ഹൈസ്കൂൾ അദ്ധ്യാപിക ലില്ലിയാണ് സഹധർമ്മിണി.






Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038